പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1827 **26-10-2026-ൽ മറുപടിയ്ക്ക്**

പ്രവാസി ക്ഷേമ പെൻഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പ്രവാസി ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;എത്ര തുകയാണു ലഭിക്കുക;നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്;വ്യക്തമാക്കുമോ;

മറുപടി: 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി പ്രകാരം 18 വയസ്സിനും 55 വയസ്സിനും ഇടയിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ളതും അറുപത് വയസ്സ് പൂർത്തീകരിച്ചതും അംശദായം പൂർണ്ണമായും അടച്ച് തീർത്തിട്ടുള്ളതുമായ അംഗങ്ങൾക്ക് തൊട്ടടുത്ത മാസം മുതലും, 55 വയസ്സിനു ശേഷം 60 വയസ്സിനുള്ളിൽ അംഗത്വം എടുത്തവർക്ക് അംഗത്വ തീയതി മുതൽ അഞ്ച് വർഷം വരെ മുടക്കം കൂടാതെ അംശദായം അടച്ച് പൂർത്തീകരിക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതലും പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. പെൻഷന് അർഹത നേടുന്ന പ്രവാസി കേരളീയനായ (വിദേശം)-(1എ) അംഗത്തിന് 3500 രൂപയും, മുൻ പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം)-(2എ) അംഗത്തിനും 3000 രൂപയും നിലവിൽ പ്രതിമാസ കുറഞ്ഞ പെൻഷൻ അനുവദിച്ചു വരുന്നു. അഞ്ചു വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും, നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നിലവിൽ നൽകി വരുന്നുണ്ട്. എന്നാൽ, മൊത്തം പെൻഷൻ തുക കുറഞ്ഞ പെൻഷൻ തുകയുടെ ഇരട്ടിയിൽ അധികരിക്കുന്നതല്ല.

- പ്രവാസി കേരളീയൻ (വിദേശം)-(1എ) വിഭാഗം- **3500/- രൂപ മുതൽ 7000/-രൂപ വരെ.**
- പ്രവാസി കേരളീയൻ (വിദേശം)-(1ബി)/ പ്രവാസി കേരളീയൻ (ഭാരതം)-(2എ) വിഭാഗങ്ങൾ-**3000/- രൂപ മുതൽ 6000/- രൂപ വരെ.**

2026 ഒക്ടോബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ പെൻഷനേഴ്സിന്റെ ആകെ എണ്ണം **100495** ആണ് .

(ബി) എത്ര മാസത്തെ തുകയാണ് കുടിശ്ശികയായിട്ടുള്ളത്;ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക നൽകിയിട്ടുണ്ട്?

മറുപടി: 2026 ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പെൻഷൻ ആണ് നിലവിൽ കുടിശ്ശിക ആയിട്ടുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം **നാളിതുവരെ ₹102,16,18,292/- രൂപ** (നൂറ്റി രണ്ട് കോടി പതിനാറു ലക്ഷത്തി പതിനെണ്ണായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) വിതരണം ചെയ്യുന്ന ഇനത്തിൽ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ